KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg

തിയ്യതി : 12.01.2022

## സർക്കുലർ നമ്പർ 05 /2022 (BD)

സ്ത്രീകളുടെ സാമൂഹ്യപദവിയിലുണ്ടായ ഉന്നമനമാണ് കഴിഞ്ഞ കുറേക്കാലമായി നാം അനുഭവിക്കുന്ന സാമൂഹ്യമാറ്റങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന്. അധികാരസ്ഥാനങ്ങളിൽ അവരുടെ പങ്കാളിത്തം വളരേയധികം വർദ്ധിക്കുകയുണ്ടായി. എങ്കിൽപ്പോലും ഉദ്ദേശിച്ച നിലയ്ക്കുള്ള സാമൂഹ്യ ചലനാത്മകത അവർക്ക് ലഭിക്കണമെങ്കിൽ സാമ്പത്തികമായി അവർക്ക് ഉന്നമനം ലഭിക്കേണ്ടതുണ്ട്. അതിനുവേണ്ടി കെ.എസ്.എഫ്.ഇ യുടെ പുതുവർഷസമ്മാനമായി സ്ത്രീകൾക്ക് വേണ്ടി മാത്രമായി പുതിയ സ്വർണ്ണപ്പണയവായ്പാ പദ്ധതി അവതരിപ്പിക്കുകയാണ്.

പദ്ധതിയുടെ പേര് : **"KSFE അജയ്യ സ്വർണ്ണപ്പണയ വായ്പ"** - സ്ത്രീകൾക്കു വേണ്ടിയുള്ള കെ.എസ്.എഫ്.ഇ യുടെ സ്വർണ്ണപ്പണയ വായ്പാ പദ്ധതി

പദ്ധതിയുടെ കാലാവധി : 2022 മാർച്ച് 31 വരെ

വാർഷിക പലിശനിരക്ക് : 5% (സാധാരണ പലിശ)

പരമാവധി വായ്പാത്തുക : 25000/- രൂപ

**14.01.2022** മുതൽ ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്.

നിലവിലുള്ള സ്വർണ്ണപ്പണയവായ്പാ പദ്ധതിയുടെ തന്നെ അവാന്തരവിഭാഗമായാണ് ഈ പദ്ധതി നിലവിൽ വരുന്നത്. അതിനാൽ ജനമിത്രം വായ്പാ പദ്ധതി പോലുള്ള വായ്പകൾക്ക് ഇത് ബാധകമല്ല. നിലവിലുള്ള സ്വർണ്ണപ്പണയവായ്പ പോലെത്തന്നെ വായ്പ തിരിച്ചടക്കാനുള്ള കാലാവധി ഇതിലും ഒരു വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. ഏറ്റവും ചുരുങ്ങിയത് 3 മാസം കൂടുമ്പോഴെങ്കിലും പലിശത്തുക അടച്ചിരുന്നാൽ മാത്രമേ 5% പലിശനിരക്ക് അനുവദിച്ചു കിട്ടുകയുള്ളൂ. പലിശ സമയത്തിന് അടക്കാത്ത അക്കൗണ്ടുകളിൽ താഴെപ്പറയുന്ന രീതിയിൽ പലിശ നിരക്ക് പരിഷ്കരിക്കുന്നതായിരിക്കും.

| തുക | 3 മാസത്തിനു മുകളിൽ 6 മാസം വരെ | 6 മാസത്തിനു മുകളിൽ 9 മാസം വരെ | 9 മാസത്തിനു മുകളിൽ 12 മാസം വരെ | 12 മാസത്തിനു മുകളിൽ |
|---|---|---|---|---|
| 25000 | 8.25% | 8.5% | 8.75% | 9% |

കേരള ജനസംഖ്യയിലെ പകുതിയിലധികം വരുന്ന സ്ത്രീകളെ മുൻനിർത്തി ആവിഷ്കരിച്ച ഈ പദ്ധതിയുടെ സന്ദേശം എല്ലാ കുടുംബങ്ങളിലേയ്ക്കും എത്തിക്കേണ്ടതുണ്ട്. ചുരുങ്ങിയത് 100000 സ്ത്രീകൾക്കെങ്കിലും ഈ പദ്ധതിയിൽ വായ്പ കൊടുക്കാൻ സാധിക്കണം. 100 രൂപയ്ക്ക് പ്രതിമാസം 42 പൈസയിൽ താഴെ മാത്രം പലിശ അടയ്ക്കേണ്ടി വരുന്ന മറ്റൊരു സ്വർണ്ണപ്പണയവായ്പ ഇന്ന് വിപണിയിൽ ഇല്ലാത്തതുകൊണ്ട് ഈ അവസരം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം.

Confidential

ഇതോടൊപ്പം അയക്കുന്ന ബാനറിന്റേയും നോട്ടീസിന്റേയും മാതൃക ഉപയോഗിച്ച് പരസ്യപ്രചരണങ്ങൾ നടത്തി തങ്ങളുടെ പരിധിയിൽപ്പെടുന്ന എല്ലാ കുടുംബങ്ങളിലും ഈ പദ്ധതിയുടെ സന്ദേശം എത്തിക്കാൻ ശാഖകൾ ശ്രദ്ധിക്കണം.

ഒരു വനിതയ്ക്ക് നൽകാവുന്ന പരമാവധി വായ്പ **25000/-** രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് ഈ പദ്ധതി ബാധകമല്ല.

ഈ പദ്ധതി വിജയത്തിലെത്തിച്ചും നിലവിലുള്ള സ്വർണ്ണപ്പണയ വായ്പാ പദ്ധതികൾ കൂടുതൽ വിപണനം ചെയ്തും സ്വർണ്ണപ്പണയ വായ്പയുടെ ബജറ്റ് ലക്ഷ്യം മറികടന്ന് കൂടുതൽ സമാഹരിക്കാൻ നമുക്ക് കൂട്ടായി പ്രയത്നിക്കാം.

**കെ.എസ്.എഫ്.ഇ. യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To:എല്ലാ ശാഖാ തലവൻമാർക്കും
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

Confidential